**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം -കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ 2010-11 വർഷം നടപ്പിലാക്കിയ ഐ.എ.വൈ. ഭവന പദ്ധതിയിലെ ക്രമക്കേടുകൾ - ശ്രീ.കെ.മുഹമ്മദ്, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ശ്രീ.എ.ആർ,ദിനൻ. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ)നമ്പർ.2228/2016/തസ്വഭവ, തിരുവനന്തപുരം,തീയതി, 23.7.2016

---

പരാമർശം :- 1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 5.9.2013 തീയതിയിലെ E12(SC. 4/2013/KKD) 4180/13 നമ്പർ കത്ത്.

2. 31.12.2013-തീയതിയിലെ72200/ഇആർബി1/2013/ത.സ്വ.ഭ.വ .നമ്പർ സർക്കാർ കത്ത്

3. 06.01.2014 തീയതിയിൽ ശ്രീ.കെ.മുഹമ്മദ്, ജോയിന്റ് ബ്ലോക്ക് ഡെവല പ്മെന്റ് ഓഫീസർ ശ്രീ.എ ആർ.ദിനൻ, വില്ലേജ് എ ക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്ക് നൽകിയ 72200/ഇആർബി1/2013/ ത.സ്വ.ഭ.വ.നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

4. 21.2.2014 തീയതിയിൽ ശ്രീ.എ.ആർ.ദിനൻ, ശ്രീ.കെ.മുഹമ്മദ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ.

5. ഗ്രാമവികസന കമ്മീഷണറുടെ 13.10.2014 തീയതിയിലെ 2312/എസ്റ്റാഎ 4/2014/ സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്കിൽപ്പെട്ട കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിൽ 2010-2011 വർഷം നടപ്പിലാക്കിയ ഐ.എ.വൈ.ഭവന നിർമ്മാണപദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻബ്യൂറോ കോഴിക്കോട് യൂണിറ്റ് പ്രസ്തുത ഓഫീസുകളിലും ഭവനനിർമ്മാണസ്ഥലത്തും മിന്നൽ പരിശോധന നടത്തുകയും, ഐ.എ.വൈ/ ഇ.എം.സ് ഭവന നിർമ്മാണ പദ്ധതിയുടെ ആനുകൂല്യത്തിനായി ശ്രീമതി.ആയിഷക്കുട്ടിചാലക്കുന്നുമ്മേൽ എന്ന വ്യക്തിയെ തെരഞ്ഞെടുത്തതിലും ടിയാരിക്ക് ഭവന നിർമ്മാണ ഫണ്ട് അനുവദിച്ചതിലുള്ള ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.ശ്രീ.എ.ആർ.ദിനൻ, ജോയിന്റ് ബ്ലോക്ക് ,ഡെവലപ് മെന്റ് ഓഫീസർ ശ്രീ.കെ.മുഹമ്മദ് എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനും ശ്രീമതി ആയിഷക്കുട്ടിചാലക്കുന്നുമ്മേൽ-ന് അനുവദിച്ച 71,500/- ( എഴുപത്തി ഒന്നായിരത്തി അഞ്ഞൂറ്) രൂപ 12% പലിശ ഉൾപ്പെടെ ടി ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതിനും പരാമർശം (1) പ്രകാരം ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ,പരാമർശം(2) പ്രകാരം മേൽ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടമായ 71,500/- ( എഴുപത്തി ഒന്നായിരത്തി അഞ്ഞൂറ്) രൂപ ,12%പലിശ സഹിതം (24.02.2012 മുതലുള്ള) ശ്രീ.എ.ആർ.ദിനൻ,

ശ്രീ. കെ. മുഹമ്മദ് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും, കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ശ്രീ.എ.ആർ.ദിനൻ, ജോയിന്റ് ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസർ, ശ്രീ.കെ.മുഹമ്മദ് എന്നിവർക്ക് പരാമർശം (3) പ്രകാരം സർക്കാർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തു. ടി കുറ്റപത്രങ്ങൾക്കെതിരെ ശ്രീ.എ.ആർ.ദിനൻ, ശ്രീ. കെ. മുഹമ്മദ് എന്നിവർ പരാമർശം (4) പ്രകാരം പ്രതിവാദപത്രികകൾ സമർപ്പിച്ചിരുന്നു.

ശ്രീ.എ.ആർ.ദിനൻ തന്റെ പ്രതിവാദപത്രികയിൽ 19.10.2010, 24.07.2011 എന്നീ തീയതികളിലെ കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 4 ൽ നടന്ന ഗ്രാമസഭ സംബന്ധിച്ച് തനിക്ക് അറിയിപ്പൊന്നും ലഭിച്ചിരുന്നില്ലായെന്നും, പ്രസ്തുത ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ടിയാന് നൽകിയിട്ടില്ലെന്നും, സാധാരണയായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് നടപ്പാക്കുന്നതിനുവേണ്ടി നിർവ്വഹണോദ്യോഗസ്ഥന് (വി.ഇ.ഒ) നല്കുകയാണ് പതിവെന്നും, 21/07/2011-നാണ് ടിയാന് ശ്രീമതി.ആയിഷക്കുട്ടി ചാലക്കുന്നുമ്മേൽ ഉൾപ്പെട്ട 2011-2012 ഐ.എ.വൈ ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമായതെന്നും, ഇപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുമായി ടിയാന് ബന്ധമില്ലായിരുന്നുവെന്നും ശ്രീമതി ആയിഷക്കുട്ടി ചാലക്കുന്നുമ്മേലിനെ ഐ.എ.വൈ. ഭവന നിർമ്മാണപദ്ധതിയ്ക്കായി തെരഞ്ഞെടുത്തത് കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിന്റെ 02/07/2011-ലെ 179/2011 നമ്പർ തീരുമാനപ്രകാരമായിരുന്നുവെന്നും, ടിയാരിക്ക് വാസയോഗ്യമായ വീട് ഉണ്ടായിരുന്നില്ലെന്നും ടിയാരിക്ക് 71,500/-(എഴുപത്തിഒന്നായിരത്തിഅഞ്ഞൂറ്) രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുള്ളത് പുതിയ വീട്നിർമ്മിക്കുന്നതിനു വേണ്ടിയാണെന്നും ടിയാരിയുടെ വീട് മൺസൂൺ കാലത്ത് തകർന്ന് പോയതിനാൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വാർഡ് മെമ്പറും ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടിയാരിക്ക് പണം അനുവദിച്ചിട്ടുള്ളതെന്നും ,. ടിയാരി പഴയ വീടിന്റെ ഉപയോഗപ്രദമായ സാമഗ്രി ഉപയോഗിച്ച് പുതിയ വീട് നിർമ്മിച്ചിട്ടുള്ളതെന്ന പരാതി ലഭിച്ചതിനെ തുടർന്ന് അവസാന ഗഡു അനുവദിച്ചിട്ടില്ലെന്നും,ഇക്കാരണങ്ങളാൽ തന്നെ കുറ്റവിമുക്തനാക്കണമെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ.കെ.മുഹമ്മദ്, ജോയിന്റ് ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദപത്രികയിൽ, ശ്രീമതി.സുബിഷആനന്ദ്കുമാറിനെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് ഒഴിവാക്കിയത് സംബന്ധിച്ച് ടിയാന് അറിവില്ലായിരുന്നുവെന്നും ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബ്ലോക്കിന് നല്കുകയാണ് ഉണ്ടായതെന്നും, ആയതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ ടിയാന് യാതൊരു പങ്കുമില്ലെന്നും കൂടാതെ ശ്രീമതി.ആയിഷക്കുട്ടി ചാലക്കുന്നുമ്മേൽ എന്ന വ്യക്തിയെ ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതിയ്ക്കായി തെരഞ്ഞെടുത്തത് പഞ്ചായത്ത് ഭരണസമിതിയുടെ 02/07/2011-ലെ 179/2011 നമ്പർ തീരുമാന പ്രകാരവും,വില്ലേജ് എക്സ്റ്റൻഷൻഓഫീസറുടെ ശിപാർശ പ്രകാരവുമാണെന്നും,ജോയിന്റ് ബി.ഡി.ഒ എന്നനിലയിൽടിയാൻ ഐ.എ.വൈ.ഭവന നിർമ്മാണ പദ്ധതിയ്ക്കായി ടിയാരിയെ ശിപാർശ ചെയ്തിട്ടുള്ളതായും, ടിയാരിക്ക് 71,500/- ( എഴുപത്തി ഒന്നായിരത്തിഅഞ്ഞൂറ്) രൂപ ധനസഹായം അനുവദിച്ചിട്ടുള്ളതായും, സർക്കുലർ നമ്പർ 22148/JRY1/2011/CRD, തീയതി 24/03/2012 പ്രകാരം ടിയാരി 2 ലക്ഷം രൂപയുടെ ധനസഹായത്തിന് അർഹയാണെന്നും, ഇതു സംബന്ധിച്ച പരാതിയെതുടർന്ന് ധനസഹായം നിർത്തിവച്ചതായും, ടിയാരിക്ക് അവസാന ഗഡു നല്കിയിട്ടില്ലെന്നും, ഈ സാഹചര്യത്തിൽ ടിയാനെതിരെയുള്ള കുറ്റാരോപണങ്ങളിൽ നിന്നും ഒഴിവാക്കണമെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ഇവർ പ്രതിവാദപത്രികകളിലെയത് പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഭവന പദ്ധതികൾക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നത് ഗ്രാമ പഞ്ചായത്ത് തലത്തിലാണെന്നും ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ചുള്ള അപാകതകൾക്ക് ബ്ലോക്ക് തലത്തിലുള്ള ഉദ്യോഗസ്ഥർ ഉത്തരവാദികളല്ലെന്നും ഗ്രാമ പഞ്ചായത്തിലെ ഒരു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ചുമതല ഭരണസമിതിക്ക് വേണ്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ധനസഹായം ലഭ്യമാക്കുക എന്നതാണെന്നും കൂടാതെ [illegible] ഗ്രാമസഭയിൽ ഉദ്യോഗസ്ഥൻ ശ്രീ എ.ആർ.ദിനൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറല്ല ഗ്രാമ പഞ്ചായത്ത് ചുമതല പ്പെടുത്തിയത് എന്നും പ്രസ്തുത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിലുണ്ടായിട്ടുള്ള അപാകതകൾക്ക്/ക്രമക്കേടുകൾക്ക് ജോയിന്റ് ബി.ഡി.ഒ. ശ്രീ.കെ.മുഹമ്മദ് വി.ഇ.ഒ.ശ്രീ.എ.ആർ.ദിനൻ എന്നിവർ ഉത്തരവാദികളല്ലെന്നും, കൂടാതെ 19/10/2010-ന് ചേർന്ന ഗ്രാമസഭയിൽ വീട് പുനരുദ്ധാരണം (ജനറൽ) കാറ്റഗറിയിൽ ശ്രീമതി ആയിഷക്കുട്ടി പാലക്കനമേൽ എന്നവർക്ക് ധനസഹായം നൽകേണ്ടതാണ് എന്ന് ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ള ഗ്രാമസഭ ലിസ്റ്റിൽ കാണുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച് അത്തരം ഒരു ലിസ്റ്റ് ബ്ലോക്കിൽ ലഭ്യമാക്കിയിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞതെന്നും, കുട്ടിപ്പാറ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2011-12 വർഷത്തെ ഐ.എ.വൈ. ഭവന നിർമ്മാണ ത്തിനുള്ള ലിസ്റ്റ് പ്രകാരം ജനറൽ കാറ്റഗറിയിൽ വെയ്റ്റിംഗ് ലിസ്റ്റിൽ 2-ാം നമ്പരായി ശ്രീമതി ആയിഷക്കുട്ടി പാലക്കനമേലിന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെന്നും ടിയാരിക്ക് ഉണ്ടായിരുന്ന പഴകിയ വീട് പൂർണ്ണമായും താമസയോഗ്യമല്ലായിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞതെന്നും, ഇപ്പോൾ വീട് പൊളിച്ചതിൽ നിന്നും അടുക്കള ഭാഗത്ത് ഏകദേശം 3 മീറ്റർ നീളത്തിൽ (എൽ ആകൃതിയിൽ) പഴയ വീടിന്റെ ചുമർ നിലനിർത്തിയാണ് പുതിയ വീട് നിർമ്മിച്ചിട്ടുള്ളത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞതെന്നും, ഓട്, മേൽക്കൂര എന്നിവയും പഴയ വീടിന്റെ സാധനങ്ങൾ തന്നെയാണ് അധികവും ഉപയോഗിച്ചിരിക്കുന്നതെന്നും വളരെ ചെറിയ ഒരുഭാഗം നിലനിർത്തിയത് ഒഴിച്ചാൽ ഈ ഭവന നിർമ്മാണത്തിൽ IAY പദ്ധതിയുടെ നിബന്ധനകൾ പ്രകാരം അപാകതകൾ ഒന്നും കാണുന്നില്ലെന്നും ടിയാരി ഭവനനിർമ്മാണം പൂർത്തീകരിച്ചെങ്കിലും പരാതി നിലവിലുള്ളതിനാൽ അനുവദനീയമായ തുകയുടെ മുഴുവൻ ഗഡുക്കളും നല്കിയിട്ടില്ലെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. IAY പദ്ധതിയിൽ ഉൾ പ്പെടുത്തി ഭവന നിർമ്മാണത്തിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമപഞ്ചായത്തായതിനാൽ. ഉത്തരവാദി ബന്ധപ്പെട്ട വി.ഇ.ഒ.ശ്രീ.എ.ആർ.ദിനൻ ജോയിന്റ് ബി.ഡി.ഒ. ശ്രീ.കെ.മുഹമ്മദ് എന്നിവരുടെ ഭാഗത്തു നിന്നും വീഴ്ചയൊന്നും കാണുന്നില്ല. വിധവയായ ശ്രീമതി.ആയിഷക്കുട്ടി പാലക്കനമേൽ എന്നവർ അർഹയാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാരിക്ക് പുതിയ വീട് പണിയുന്നതിന് 71,500 (എഴുപത്തിഒന്നായിരത്തിഅഞ്ഞൂറ്) രൂപ അനുവദിക്കുന്നതിന് വി.ഇ.ഒ. ശിപാർശ ചെയ്തത്. ടിയാരിക്ക് 2 ലക്ഷം രൂപ അനുവദിക്കുന്നതിന് അർഹതയുണ്ടായിരുന്നു. എന്നാൽ പഴയ വീടിന്റെ ഒരു ചുമർ നിലനിർത്തിയും ഓട്, മേൽക്കൂര എന്നിവയും പഴയ വീടിന്റെ സാധനങ്ങൾ ഉപയോഗിച്ചു എന്നതും ശ്രദ്ധയിൽ പ്പെട്ടതിനാൽ ബാക്കി തുക ടിയാരിക്ക് അനുവദിക്കുന്നതിനുള്ള ശിപാർശ വില്ലേജ് എക്സ്റ്റൻഷൻഓഫീസർ നൽകിയിരുന്നില്ല. ഗുണഭോക്താവിന് അവസാന ഗഡു അനുവദിക്കാത്തതിനാലായിരുന്നു സ്ഥല പരിശോധന നടത്താതിരുന്നത് എന്നുള്ള ഹൗസിംഗ് ഓഫീസർ ശ്രീ.കെ.മുഹമ്മദിന്റെ വാദം

അംഗീകരിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ, ശ്രീമതി.ആയിഷക്കുട്ടിചാലക്കുന്നുമ്മേൽ എന്നവർക്ക് ഭവന നിർമ്മാണത്തിനായി അനുവദിച്ച നൽകിയ 71500/-( എഴുപത്തി ഒന്നായിരത്തിഅഞ്ഞൂറ്) രൂപ ശ്രീ.എ.ആർ.ദിനൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ശ്രീ.കെ മുഹമ്മദ്, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ എന്നിവരിൽ നിന്നുംതുല്യമായി ഈടാക്കുന്നതിന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് നൽകിയിരുന്ന നിർദ്ദേശംറദ്ദ് ചെയ്തുകൊണ്ടും,ടിഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടിയിൽ നിന്നും അവരെ കുറ്റവിമുക്തരാക്കി തീർപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡേവിഡ് മിൽട്ടൺ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.കെ.മുഹമ്മദ്, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖേന )
ശ്രീ.എ.ആർ.ദിനൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,
കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്,(ഗ്രാമവികസന. കമ്മീഷണർ മുഖേന )
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, കോഴിക്കോട്
വിജിലൻസ് വകുപ്പ് (Vide letter No.11515/D1/2013/Vig, dated 30.10.2013)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക(Web&Newmedia) വകുപ്പ്
(ഗവൺമെന്റ് വെ ബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന് )
തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ